"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള State Institute of Educational Management and Training (SIEMAT) Kerala എന്ന സ്ഥാപനത്തിന്റെ 2011-12 വർഷത്തെ ആദ്യ പാദം മുതൽ 2021-22 വരെയുള്ള കെട്ടിട നികതി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.1713/2022/LSGD   തീയതി,തിരുവനന്തപുരം, 19-07-2022

---

പരാമർശം:-
1. State Institute of Educational Management and Training (SIEMAT) Kerala ഡയറക്ടറുടെ 03.10.2016-ലെ കത്ത്.
2. നഗരകാര്യ ഡയറക്ടറുടെ 24.11.2020-ലെ ജി1-9418/2019 നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള State Institute of Educational Management and Training (SIEMAT) Kerala ക്കായി പണികഴിപ്പിച്ച കെട്ടിടത്തിന് കെട്ടിട നികതി ഒഴിവാക്കി നൽകണമെന്ന് പരാമർശം (1) പ്രകാരം SIEMATഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സീമാറ്റിന് കേരള മുനിസിപ്പാലിറ്റി ആക്ട് 235-1 (ബി) യുടെ പരിധിയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനമല്ല എന്നിരുന്നാലും, കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 281(2) പ്രകാരം സർക്കാരിനും സർക്കാരിന്റെ അനുമതിയോടു കൂടി കൗൺസിലിനും ആരുടെ ഉടമസ്ഥതയിലുള്ള ഏതൊരു കെട്ടിടത്തിനും ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള നികതിയോ ഉപനികതിയോ നൽകുന്നതിൽ നിന്നും പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിദ്യാഭ്യാസ രംഗത്തെ വിവിധ തലങ്ങളിൽ ആകമാനമുള്ള കാര്യക്ഷമത വർദ്ധിപ്പിക്കൽ ലക്ഷ്യം വച്ചു കൊണ്ട് രൂപീകൃതമായ സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ SIEMAT-ന്റെ കെട്ടിടത്തിന്, 1994-ലെ മുനിസിപ്പാലിറ്റി ആക്ടിലെ ചട്ടം 281(2) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, 2011-12 വർഷത്തെ ആദ്യ പാദം മുതൽ 2020-21 വരെയുള്ളകെട്ടിട നികതി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ. തിരുവനന്തപുരം.

PTO

ഡയറക്ടർ, State Institute of Educational Management and Training (SIEMAT) Kerala, കിഴക്കേകോട്ട, അട്ടക്കുളങ്ങര പി.ഒ, തിരുവനന്തപുരം-695 036.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഐ & പി ആർ ഡി-വെബ് & ന്യൂ മീഡിയ.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് (ഫയൽ നം. പൊവിവ-ഡി3/77/2017-പൊവിവ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/472/2016-തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 20-07-2022 10:36:11**

സെക്ഷൻ ഓഫീസർ